**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 129** **15.06.2012 ൽ മറുപടിയ്ക്ക്**

**<u>കർഷക ആത്മഹത്യ</u>**

| **ചോദ്യം** | **മറുപടി** |
|---|---|
| ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ. എളമരം കരീം<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.ബാബു എം.പാലിശ്ശേരി | ശ്രീ. കെ.പി. മോഹനൻ<br>(ബഹു: കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കർഷക ആത്മഹത്യയ്ക്ക് പരിഹാര നടപടികളുടെ പ്രഖ്യാപനമുണ്ടായിട്ടും ആത്മഹത്യകൾ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കാർഷിക മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ച അടിയന്തിര നടപടികൾ മൂലം ആത്മഹത്യ നിയന്ത്രണവിധേയമായിട്ടുണ്ട്. |
| (ബി) 2012 മാർച്ച് 21-ന് ശേഷമുള്ള കാലയളവിൽ എത്ര കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ടെന്ന കണക്ക് ലഭ്യമാക്കമോ; | (ബി) ആലപ്പുഴ – 1<br>പാലക്കാട് - 2<br>കണ്ണൂർ - 2<br>കാർഷിക കടബാധ്യതമൂലമാണോ ഈ ആത്മഹത്യകളെന്ന് സ്ഥിരീകരിക്കപ്പെട്ടിട്ടില്ല. |
| (സി) സർക്കാർ പ്രഖ്യാപിച്ച പരിഹാര നടപടികളെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;<br><br>(ഡി) പരിഹാര നടപടികളിലെ പോരായ്മകൾ എന്തെങ്കിലും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (സി) & (ഡി) ഉണ്ട്. വയനാട് ജില്ലയിലെ കാർഷിക പ്രതിസന്ധി പരിഹരിക്കുന്നതിനായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പരിഹാരനടപടികളുടെ പുരോഗതി 15.12.2011, 27.02.2012, 14.05.2012 എന്നീ തീയതികളിൽ ചേർന്ന അവലോകനയോഗങ്ങളിൽ വിലയിരുത്തുകയും അതനുസരിച്ച് നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |

| | | |
|---|---|---|
| (ഇ) | കഴിഞ്ഞ സർക്കാർ നടത്തിയ ഇടപെടലുകളിലൂടെ ഇല്ലാതാക്കിയ കർഷക ആത്മഹത്യ സംസ്ഥാനത്ത് ഇപ്പോഴും ഉണ്ടാകുന്നത് സംബന്ധിച്ച് പഠനം നടത്താൻ തയ്യാറാകുമോ? | (ഇ) കർഷക ആത്മഹത്യകൾ കൂടുതലായി റിപ്പോർട്ട് ചെയ്തിട്ടുള്ള വയനാട് ജില്ലയിലെ കാർഷിക പ്രതിസന്ധി സംബന്ധിച്ച് സർക്കാർ പഠനം നടത്തുകയും ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ